# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484–2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി 682 011

MOE2A-17142/2022

തീയതി : 18.12.2023

## ലേലം/ക്വട്ടേഷൻ നോട്ടീസ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിലുള്ള ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ നിലവിലുണ്ടായിരുന്ന കമ്പോസ്റ്റ് പാന്റ് പൊളിച്ച് നീക്കയപ്പോൾ ലഭിച്ചിട്ടുള്ള ആസ്ബസ്റ്റോസ് ഷീറ്റ്, സ്റ്റീൽ സെക്ഷൻ എന്നിവ ലേലം/ക്വട്ടേഷനിലൂടെ വിൽക്കുവാൻ നിശ്ചയിച്ചരിക്കുന്നതിനാൽ ആയത് വാങ്ങുവാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു. ക്വട്ടേഷനോടൊപ്പം ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന നിയമാനുസൃത നിരതദ്രവ്യം (ക്വട്ടേഷനോടൊപ്പം ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5% തുക ) കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ, നഗരസഭാ ട്രഷറിയിൽ അടവാക്കിയ രശീതിന്റെ പകർപ്പായോ ഉള്ളടക്കം ചെയ്തിരിക്കേണ്ടതും, ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിന് പുറത്ത് ഫയൽ നമ്പറും ഡിമാന്റ് ഡ്രാഫ്റ്റിന്റെ /രശീതിന്റെ വിവരങ്ങളും വ്യക്തമാക്കിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 02-01-2024 തീയ്യതി രാവിലെ 11 ണിക്ക് മുമ്പായി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ടി ദിവസം രാവിലെ 11.30 മണിക്ക് നഗരസഭ മെയിൻ ഓഫീസിൽ വച്ച് പരസ്യമായി ലേല നടപടികൾ സ്വീകരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർദ്ദിഷ്ട നിരതദ്രവ്യം ലേലത്തിന് മുമ്പായി അടച്ചിരിക്കേണ്ടതാണ്.

ലേലത്തിന് ശേഷം പ്രസ്തുത സാധനങ്ങൾക്ക് ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലം അഥവാ ക്വട്ടേഷനുകളിൽ ഏറ്റവും കൂടുതൽ തുക ഓഫർ ചെയ്തവരുടെ പേരിൽ തുക തൃപ്തികരമെന്ന് ലേലം നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തീരുമാനിക്കുന്നതിന് വിധേയമായി ലേലം താൽക്കാലികമായി അംഗീകരിക്കുന്നതാണ്. ഇപ്രകാരം അംഗീകരിക്കപ്പെടുന്ന കൂടിയ ലേല തുകയുടെ പകുതി ലേലം കൊണ്ടയാൾ അന്നേ ദിവസം 3 മണിക്ക് മുമ്പായി തന്നെ നഗരസഭ ട്രഷറിയിൽ അടച്ച് രശീത് ഹാജരാക്കേണ്ടതാണ്.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ കൊച്ചി കോർപ്പറേഷൻ മെയിൻ ഓഫീസ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന് ലഭ്യമാകുന്നതാണ്.

നഗരസഭയുമായി ബന്ധപ്പെട്ട പൊതു ലേല വ്യവസ്ഥകൾ ഇതിലേക്കും ബാധകമായിരിക്കും. ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം നഗരസഭ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ലേലം ചെയ്യുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| No | Item | Quantity | Assessed Value | EMD |
|---|---|---|---|---|
| 1 | Asbestos Sheet | 782 cum | 13231.44 | |
| 2 | Steel Section | 56679.925 cum | 782184 | |
| | Total | | 795415.44 | 19885 |

OFFICE OF THE CORPORATION OF COCHIN
ERNAKULAM, COCHIN-11

സൂപ്രണ്ടിംഗ് എഞ്ചിനീയർ
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

പകർപ്പ് (1) ബഹു.മേയറുടെ മേശപ്പുറത്ത്
(2) ബഹു.ഡെപ്യൂട്ടി മേയറുടെ മേശപ്പുറത്ത്
(3) സ്ഥിരം സമിതി അദ്ധ്യക്ഷൻമാർ
(4) ബഹു.സെക്രട്ടറി
(5) നോട്ടീസ് ബോർഡ്, വെബ്സൈറ്റ്
(6) കരുതൽ ഫയൽ